ശ്രീ. തച്ചടി പ്രഭാകരൻ : അതൊരു പ്രധാനപ്പെട്ട പ്രശ്നമാണ്. ഓരോ ചെക്ക് പോസ്റ്റിലും വിവിധ ഡിപ്പാർട്ടുമെന്റ് ചെക്ക് പോസ്റ്റുകൾ ഉണ്ട്. എക്സൈസിനും ഫോറസ്റ്റിനുമൊക്കെ ചെക്ക് പോസ്റ്റുണ്ട്. എല്ലാ ഡിപ്പാർട്ടുമെന്റുകളും ഇക്കാര്യത്തിൽ സഹകരിക്കാറില്ല, ഫോറസ്റ്റുകാർ പിടിച്ചാൽ ഫോറസ്റ്റിനുള്ളതുമാത്രം കൊണ്ടു പോകും, സെയിൽസ് ടാക്സുകാർ പിടിച്ചാൽ അവർക്കുള്ളതു മാത്രംകൊണ്ടുപോകും. ഈ ചെക്ക് പോസ്റ്റുകളെ സംബന്ധിച്ചിടത്തോളം ഒരു കോ-ഓർഡിനേഷൻ ഉണ്ടാകേണ്ടത് ഏറ്റവും വലിയ ആവശ്യമാണ്. എല്ലാ ഡിപ്പാർട്ടുമെന്റുകളും ഗവൺമെന്റിന്റെ കീഴിലാണ്. സഹകരിക്കാതിരിക്കുന്ന നിരവധി കേസുകളുണ്ട്. അതുകൊണ്ട് ഈ ഡിപ്പാർട്ടുമെന്റുകളെ കോ-ഓർഡിനേറ്റ് ചെയ്യാനുള്ള നടപടി ഗവൺമെന്റ് സ്വീകരിക്കുന്നതാണ്.

ശ്രീ. കെ. കൃഷ്ണൻകുട്ടി : ഏതെങ്കിലും ചെക്ക് പോസ്റ്റിലെ ഏതെങ്കിലും ഉദ്യോഗസ്ഥന്മാരെ അന്വേഷണ വിധേയമായി സസ്പെൻഡ് ചെയ്യുകയോ ശിക്ഷിക്കുകയോ ചെയ്തിട്ടുണ്ടോയെന്നാണ് എന്റെ ചോദ്യം.

ശ്രീ. തച്ചടി പ്രഭാകരൻ : ബഹുമാനപ്പെട്ട മെമ്പറുടെ പാലക്കാട് നിയോജകമണ്ഡലത്തിൽതന്നെ രണ്ടുദ്യോഗസ്ഥന്മാരെ അന്വേഷണ വിധേയമായി സസ്പെൻഡ് ചെയ്തിട്ടുണ്ട്.

ശ്രീ. ജി. വരദൻ : சர் குமிளி செக்போஸ்டில் ஏழை தோட்டத் தொழிலாளிகள் தலைசுமடாக அரிசி கொண்டு வந்தால் அவர்களை பரிசோதனை செய்கிறார்கள். ஆனல் லாரியில் அரிசி கடத்திக் கொண்டு வருபவர்களை பரிசோதிப்பதில்லை. ஆகையால் அவர்கள்மீது நடவடிக்கை எடுக்கப்படுமா ?

ശ്രീ. തച്ചടി പ്രഭാകരൻ : ബഹുമാനപ്പെട്ട മെമ്പർക്കുമറിയാം, കള്ള കടത്തു നടത്തുന്നത് ലോറിയിൽ മാത്രമല്ല, തലച്ചുമടായിട്ടും കൊണ്ടുപോകും. അതുകൊണ്ട് ചെക്ക് പോസ്റ്റുകളിൽ പരിശോധന നടത്തുമ്പോൾ ലോറിയിൽ കൊണ്ടുപോകുന്ന സാധനങ്ങൾ മാത്രമല്ല, തലച്ചുമടായി കൊണ്ടുപോകുന്നതും എല്ലാ വിഭാഗത്തിലുമുള്ള സാധനങ്ങളും പരിശോധിക്കുന്നതാണ്.

കാർഷികാദായ നികുതിയിലും വിൽപന നികുതിയിലുമുള്ള അസസ്സ്മെന്റ് കുടിശ്ശിക

*312. [338] ശ്രീ. ടി. കെ. ഹംസ :
,, കെ. പുരുഷോത്തമൻ :
,, വി. ജെ. തങ്കപ്പൻ :
,, ഒ. ഭരതൻ :
,, പി. വി. കുഞ്ഞിക്കണ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1986 സെപ്റ്റംബർ 30 അവസാനിച്ചപ്പോൾ കാർഷികാദായ നികുതി, വിൽപനനികുതി എന്നീ ഓരോ ഇനത്തിലും എത്ര അസസ്സ്മെന്റുകൾ കുടിശ്ശികയായിട്ടുണ്ട് ;

(ബി) അസസ്സ്മെന്റുകൾ കുടിശ്ശികയാവാനുള്ള കാരണം വ്യക്തമാക്കുമോ ;

(സി) ഒരു ലക്ഷത്തിൽ കൂടുതൽ രൂപ വിൽപന നികുതി ഇനത്തിൽ ഈടാക്കേണ്ടതും ഒരു കൊല്ലമായിട്ടും അസസ്സ്മെന്റ് പൂർത്തിയാകാത്തതുമായ എത്ര കേസുകൾ ഉണ്ട് ?

LIBRARY ARCHIVES Kerala Legislative Assembly

ധകാര്യവകുപ്പുമന്ത്രി (ശ്രീ. തച്ചടി പ്രഭാകരൻ) :

(എ) വില്പനനികുതിയിൽ — 1,06,087
കാർഷികാദായനികുതിയിൽ — 43,814

(ബി) കച്ചവടക്കാർ സമയത്ത് രേഖകൾ ഹാജരാക്കാതിരുന്നത് ഒരു കാരണം. അസ്സസ്സിംഗ് ഓഫീസറൻമാർക്ക് സർക്കാർ നിശ്ചയിച്ചിരിക്കുന്ന ജോലി ഭാരത്തേക്കാൾ കൂടുതൽ കേസുകളിൽ തീർപ്പ് കല്പിക്കാൻ വരുന്നതാണ് മറ്റൊരു കാരണം.

(സി) അസ്സസ്മെൻറ് പൂർത്തിയാകുന്നതിനു മുമ്പ് എണ്ണം തിട്ടപ്പെടുത്താനാവില്ല.

ശ്രീ. ടി. കെ. ഹംസ : ഏറ്റവും അധികം കുടിശ്ശിക നിൽക്കുന്ന ജില്ലയേതെന്ന് വ്യക്തമാക്കാമോ ?

ശ്രീ. തച്ചടി പ്രഭാകരൻ : ജില്ല തിരിച്ചുള്ള കണക്കുകൾ ഗവൺമെൻറിൻെറ കൈവശമില്ല. പക്ഷേ കുടിശ്ശിക കുറച്ചുകൊണ്ടുവരാനുള്ള നടപടികൾ ഗവൺമെൻറ് സ്വീകരിച്ചിട്ടുണ്ട്.

ശ്രീ. ടി. കെ. ഹംസ : ചില പ്രത്യേക ജില്ലകളിൽ കഴിഞ്ഞ നാലു വർഷത്തിനിടയ്ക്ക് സെയിൽസ്ടാക്സും അഗ്രിക്കൾച്ചറൽ ഇൻകംടാക്സും അസസ്സ്മെൻറ് ഇനത്തിലും കളക്ഷൻ ഇനത്തിലും മന്ദീഭവിപ്പിച്ച് അവരെ രക്ഷപ്പെടുത്താൻ ശ്രമിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; അതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ?

ശ്രീ. തച്ചടി പ്രഭാകരൻ : അങ്ങനെ ഗവൺമെൻറ് അവരെ രക്ഷപ്പെടുത്താൻ നടപടി സ്വീകരിച്ചുവെന്നു പറയാൻ സാദ്ധ്യമല്ല. ഉദ്യോഗസ്ഥൻമാർ വല്ല വീഴ്ചയും വരുത്തുണ്ടെങ്കിൽ അതിനെക്കുറിച്ച് പരാതി വന്നാൽ നടപടിയെടുക്കുന്നതാണ്.

ശ്രീ. കെ. പുരുഷോത്തമൻ : സർ, ഇത്രയും കുടിശ്ശിക വന്നത് വരൾച്ചയും അതിവർഷവും മൂലം കൃഷിക്കാർ ഏറെ നഷ്ടം സഹിച്ചതുകൊണ്ടാണ്. അത്തരം കൃഷിക്കാർക്ക് ഈ ഇനത്തിൽ എന്തെങ്കിലും ആനുകൂല്യം നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ ?

ശ്രീ. തച്ചടി പ്രഭാകരൻ : അഗ്രികൾച്ചറൽ ഇൻകംടാക്സിലെ ചില നോംസുകളെ സംബന്ധിച്ച് പരാതികളുണ്ട്. ഗവൺമെൻറ് ഒരു കമ്മിറ്റിയെ വച്ച് അതിൻെറ പരിശോധന നടത്തിക്കൊണ്ടിരിക്കുകയാണ്. കൃഷിക്കാരെ സംബന്ധിച്ചിടത്തോളം ഗവൺമെൻറിൻെറ നയം അവരെ ഹരാസ് ചെയ്യുന്നതോ അവരെ ബുദ്ധിമുട്ടിക്കുന്നതോ അല്ല. അവർക്ക് എല്ലാം രീതിയിൽ സഹായകരമായ നടപടികൾ സ്വീകരിക്കാമെന്നുള്ളതാണ്. പക്ഷേ ആദായകരമാകുമ്പോൾ അതിൻെറ ടാക്സ് ഗവൺമെൻറിനു തിരികെയും വേണം. അങ്ങനെയുള്ള നിയമമാണ് ഗവൺമെൻറ് സ്വീകരിച്ചിട്ടുള്ളത്.

ശ്രീ. ഒ. ഭരതൻ : പ്രസിദ്ധ സാമ്പത്തിക വിദഗ്ദ്ധനും സംസ്ഥാന പ്ലാനിംഗ് ബോർഡ് മെമ്പറുമായ ഡോക്ടർ. പി. കെ. ഗോപാലകൃഷ്ണൻ ചില പ്രത്യേക കേന്ദ്രങ്ങളുടെ സമ്മർദ്ദങ്ങൾക്കു വഴങ്ങി സംസ്ഥാനത്തിനു ലഭിക്കേണ്ട ഗണ്യമായ സംഖ്യ തിരിച്ചെടുക്കുന്നതിൽ വീഴ്ച വരുത്തിയിട്ടുണ്ടെന്ന് പ്രസ്താവിച്ചത് ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ? ഉണ്ടെങ്കിൽ അത്തരം കേന്ദ്രങ്ങൾക്കെതിരായി എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. തച്ചടി പ്രഭാകരൻ : സാമ്പത്തിക വിദഗ്ദ്ധൻമാർ സ്വാഭാവികമായും അവരുടേതായ അഭിപ്രായങ്ങളും പറയും. ആ സാമ്പത്തിക വിദഗ്ദ്ധൻമാരുടെ അഭിപ്രായങ്ങളൊക്കെ എടുത്ത് അതിൽ എന്തൊക്കെ ചെയ്യാൻ കഴിയുമെന്നുള്ളതു് ഗവൺമെൻറ് പരിശോധിച്ചിട്ട് അതിനനുസരണമായ നടപടികളും സ്വീകരിക്കുന്നതാണ്.

ശ്രീ. ഒ. ഭരതൻ : വില്പന നികുതിയിനത്തിലും കാർഷികാദായ നികുതിയിനത്തിലുമായി സംസ്ഥാന ഗവൺമെൻറിനു് ലഭിക്കേണ്ട സംഖ്യയിൽ എത്ര സംഖ്യയ്ക്ക് ഇതിനകം സ്റേറ അനുവദിച്ചിട്ടുണ്ട്?

ശ്രീ. തച്ചടി പ്രഭാകരൻ : അതിനു് പ്രത്യേകമായി ചോദിച്ചാലേ മറുപടി പറയാൻ കഴിയൂ.

ശ്രീ. പി. വി. കുഞ്ഞിക്കണ്ണൻ : വില്പന നികുതി കണക്കാക്കി കിട്ടുന്നതിനുള്ള കാലതാമസമാണു് അതു് കളക്ടു് ചെയ്യുന്നതിനു് വിഷമമെന്നാണു് പറയുന്നതു്. വില്പനനികുതിയിൽ നടന്നുകൊണ്ടിരിക്കുന്ന വ്യാപകമായ വെട്ടിപ്പു് ചെക്കുപോസ്റുകളേക്കാൾ അധികമാണു്. നമ്മുടെ രാജ്യത്തെ കൃഷിക്കാർ കൊണ്ടുപോകുന്ന ഉല്പന്നങ്ങളും കടയിൽ കൊണ്ടുപോയി വിറ്റാൽ ഒരു കടലാസു് തുണ്ടിൽ ടാക്സു് ഈടാക്കുകയും ആ കടലാസു് തുണ്ടുമാത്രം കൃഷിക്കാരനു് കൊടുക്കുകയും ചെയ്യുന്നു. അങ്ങനെ കോടിക്കണക്കിനു് രൂപ സെയിൽസു് ടാക്സു് ഇനത്തിൽ വെട്ടിപ്പു് നടത്തുന്നതു് ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ശ്രീ. തച്ചടി പ്രഭാകരൻ : ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ കാർഷികാദായനികുതി അസ്സസ് ചെയ്യുന്ന കാര്യത്തിൽ ചില പോരായ്മകളുണ്ടു്. ചിലപ്പോഴും നിരപരാധികളായ കൃഷിക്കാർ കൂടുതൽ കൊടുക്കേണ്ടി വരുന്നു. ടാക്സു് കൊടുക്കേണ്ടവർ കൊടുക്കാതെയും ഇരിക്കുന്നു. അങ്ങനെയൊക്കെയുള്ളതു് ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടു്. അതുകൊണ്ടു് അങ്ങനെ ഒരു മുനമണ്ഡം വച്ചുകൊണ്ടു് കഴിയുന്നത്ര പാവപ്പെട്ട കൃഷിക്കാരെ അതിൽനിന്നു് ഒഴിവാക്കുകയും വൻകിട കൃഷിക്കാരിൽ നിന്നു് കാർഷികാദായ നികുതി സ്വീകരിക്കുകയും ചെയ്യുന്ന ഒരു നയമാണു് ഗവൺമെൻറ് സ്വീകരിച്ചിട്ടുള്ളതു്.

ശ്രീ. പി.വി. കുഞ്ഞിക്കണ്ണൻ : കൂടുതൽ വില്പന നികുതി ഈടാക്കുന്ന ആളുകളെ കണ്ടുപിടിച്ചെടുക്കുന്നതിനു വേണ്ടി വല്ല സംവിധാനവും ഉണ്ടാക്കാൻ ഗവൺമെൻറ് ആലോചിക്കുന്നുണ്ടോ ?

ശ്രീ. തച്ചടി പ്രഭാകരൻ : അതിനുവേണ്ടി നാലഞ്ചു് ഐ.എ.എസ്. ഉദ്യോഗസ്ഥൻമാരെ വച്ചു് ഒരു കമ്മിറ്റി ഗവൺമെൻറ് രൂപീകരിച്ചിട്ടുണ്ടു്. അവർ ഇതു് പരിശോധിച്ചു് ഏതു രീതിയിൽ കണ്ടുപിടിക്കാൻ കഴിയുമെന്നു് വേഗം ഗവൺമെൻറിനു് റിപ്പോർട്ടു് തരണമെന്നു് പറഞ്ഞിരിക്കുകയാണു്.

ശ്രീ. കെ. ആർ. ചന്ദ്രമോഹനൻ : നമ്മുടെ ക്യാബിനറ്റിൽ കാർഷികാദായ നികുതി കൊടുക്കുന്ന ഏതെങ്കിലും മന്ത്രിമാരുണ്ടോ ഉണ്ടെങ്കിൽ ആരൊക്കെയാണെന്നു് വ്യക്തമാക്കാമോ ?

ശ്രീ. തച്ചടി പ്രഭാകരൻ : മന്ത്രിമാരോടു് പ്രത്യേകം ചോദിക്കാതെ എങ്ങനെയാണു് പറയുന്നതു്? ഏതായാലും ഞാൻ കാർഷികാദായ നികുതി കൊടുക്കുന്നുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ.കെ. നായനാർ : സെയിൽസ് ടാക്സ് ഇനത്തിൽ 1984-ൽ 26.5 കോടി രൂപയ്ക്ക് സ്റ്റേറ്റ് കൊടുത്തിരുന്നു. അഗ്രികൾച്ചറൽ ഇൻകംടാക്സ് 1.60 കോടി രൂപയ്ക്ക് ഗവൺമെൻറ് സ്റ്റേറ്റ് കൊടുത്തിരുന്നു. അതിനു ശേഷം ഈ രണ്ടു കൊല്ലത്തിനുള്ളിൽ സ്റ്റേറ്റ് എത്ര സംഖ്യ വർദ്ധിച്ചിട്ടുണ്ട് എന്ന് ബഹുമാനപ്പെട്ട മന്ത്രി വ്യക്തമാക്കാമോ ?

ശ്രീ. തച്ചടി പ്രഭാകരൻ : ഞങ്ങൾ സ്റ്റേറ്റ് കഴിയുന്നത്ര കുറച്ചു കൊണ്ടു വരികയാണ്. മുമ്പ് കൊടുത്തിരുന്ന സ്റ്റേറ്റ് വെക്കേറ്റ് ചെയ്യണമെന്ന് പറഞ്ഞ് ഗവൺമെൻറ് അതെല്ലാം വെക്കേറ്റ് ചെയ്തു കൊണ്ടുവരികയാണ്. അതിന്റെ കണക്ക് പ്രത്യേകമായി ചോദിച്ചാലേ പറയാൻ കഴിയുകയുള്ളൂ. അത് ഈ ചോദ്യവുമായിട്ട് ബന്ധമില്ലാത്തതാണ്.

കേന്ദ്ര വിദ്യുച്ഛക്തി അതോറിറ്റിയുടെ പരിശോധനയിൽ ഇരിക്കുന്ന പദ്ധതികൾ

* 313 (339) ശ്രീ. ബെന്നിബഹനാൻ :
,, എ.സി. ജോസ് :
,, സിദ്ധാർത്ഥൻ കാട്ടുങ്ങൽ :
,, ജി. കാർത്തികേയൻ :
,, പി.പി. തങ്കച്ചൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സെൻട്രൽ ഇലക്ട്രിക്കൽ അതോറിറ്റിയുടെ പരിശോധനയിൽ ഉള്ള വൈദ്യുത പദ്ധതികൾ ഏതെല്ലാം ;

(ബി) അതോറിറ്റിയുടെ ക്ലിയറൻസ് കിട്ടിക്കഴിഞ്ഞ പദ്ധതികൾ ഏതൊക്കെ ; ഇവയ്ക്ക് പ്ലാനിംഗ് കമ്മീഷന്റെ അംഗീകാരം ലഭിച്ചുവോ ?

വിദ്യുച്ഛക്തി വകുപ്പുമന്ത്രിക്കുവേണ്ടി വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്) :

(എ) 1. ചാലക്കുടി 2-ാം ഘട്ടം
2. പള്ളിവാസൽ റീപ്ലേസ്മെൻറ് സ്കീം
3. മാനന്തവാടി
4. ആനക്കയം

(ബി) പൂയാംകുട്ടി, മലമ്പുഴ, ചിമോണി, മാട്ടുപ്പെട്ടി, മൂവാറ്റുപുഴ പെപ്പാറ എന്നീ പദ്ധതികൾക്ക് കേന്ദ്ര ഇലക്ട്രിസിറ്റി അതോറിറ്റിയുടേയും കേന്ദ്ര ആസൂത്രണ കമ്മീഷന്റേയും അംഗീകാരം ലഭിച്ചു കഴിഞ്ഞിട്ടുണ്ട്.

ശ്രീ. ബെന്നി ബഹനാൻ : സർ, അംഗീകാരം ലഭിച്ചുകഴിഞ്ഞതും പരിശോധനയിൽ ഇരിക്കുന്നതുമായ പദ്ധതികളുടെ സ്റ്റേറ്റസ് എന്താണെന്ന് വ്യക്തമാക്കാമോ ? അതിന്റെ പ്രവർത്തനം എന്നാരംഭിക്കാൻ കഴിയും ?

ശ്രീ. ടി. എം. ജേക്കബ് : പരിശോധനയിൽ ഇരിക്കുന്നത് നാല് സ്കീമുകളാണ്. അതിൽ ഏറ്റവും വലിയ സ്കീം പള്ളിവാസൽ സ്കീം—240 മെഗാവാട്ട്—ആണ്. രണ്ടാമത്തേത് ചാലക്കുടിയാണ്. ചാലക്കുടി പുഴയിൽ പെരിങ്ങൽക്കുത്ത് ഷോളയാർ ജനറേറ്ററിൽ നിന്ന് വെള്ളം ഉപയോഗപ്പെടുത്തിക്കൊണ്ടാണ് ചെയ്തിട്ടുള്ളത്. ഈ പദ്ധതി പെരിങ്ങൽക്കുത്ത് റിസർവോയർ ബാക്ക് സ്കീം ഉൾപ്പെടുന്ന സ്ഥലവും വന്യമൃഗ സംരക്ഷണ പ്രദേശമാണെന്നുള്ള തടസ്സവാദവും വനംവകുപ്പ് ഉന്നയിച്ചിട്ടുണ്ട്. അങ്ങനെ ഒരു തടസ്സവാദം ഉന്നയിച്ചതുകൊണ്ട് വനം വകുപ്പ് ഉദ്യോഗസ്ഥൻമാരും വിദ്യുച്ഛക്തി ബോർഡ് ഉദ്യോഗസ്ഥൻമാരും കൂടി നടത്തിയ പരിശോധന.

LIBRARY ARCHIVES Kerala Legislative Assembly